ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രകൃതിക്ഷോഭംമൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കർഷകരുടെ ചുമലിൽനിന്നും വായ്പാഭാരം മൊത്തമായി ഒഴിവാക്കുന്നതിന് "ഒരു കാർഷിക വായ്പാ സമാശ്വാസ ഫണ്ട്" രൂപീകരിക്കേണ്ടതാണെന്ന് കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. കാർഷിക വായ്പയുടെ മുതലോ പലിശയോ ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളാൻ ടി ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണെന്നും കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്യുന്നു. ഈ നയം നടപ്പിൽ വരുമ്പോൾ കർഷകർക്ക് ഗുണകരമായി ഭവിക്കുന്നതാണ്.

കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി

187 (1659) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജൈവകൃഷി ലോകമെമ്പാടും അതിവ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കാർഷിക മേഖലയിലും വരുംതലമുറയിലും പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിന് 'ജൈവകൃഷി പദ്ധതി' 2012-13 മുതൽ കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു.

(ബി) 1. സുരക്ഷിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ (Safe to eat Food) ലഭ്യത ഉറപ്പുവരുത്തുക

2. മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുക. അതുവഴി പരിസ്ഥിതി മലിനീകരണം പരമാവധി കുറയ്ക്കുക.

3. ഘട്ടം ഘട്ടമായി കേരളത്തെ ഒരു ജൈവസംസ്ഥാനമാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

4. പുതുതലമുറയിൽ ജൈവകൃഷിയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം വളർത്തിയെടുക്കുക.

5. ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യത പ്രയോജനപ്പെടുത്തുക.

(സി) 1. 2012-13-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി സുസ്ഥിരമാക്കുന്നതിന് കർഷകർക്ക് നൽകി വരുന്ന സാമ്പത്തിക സഹായം തുടർന്നു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങൾ, കർഷക കൂട്ടായ്മകൾ, വിവരശേഖരണം, ഓരോ നിയോജക മണ്ഡലത്തിലും നിയമസഭാ സാമാജികരുടെ നേതൃത്വത്തിൽ കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചുകഴിഞ്ഞു.

3. ഗവൺമെന്റ് ഏജൻസികളായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവ മുഖേന ജൈവകൃഷി, ജൈവ സർട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

4. ജൈവകൃഷി അവലംബിക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില നൽകി സംഭരിച്ച് പൊതുജനങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ 65 എക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി.

5. ജൈവകൃഷി നടപ്പിലാക്കുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ), നിയോജകമണ്ഡലങ്ങൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനുള്ള ഫീൽഡുതല സന്ദർശനം ആരംഭിച്ചു.

6. ജൈവകൃഷി സർട്ടിഫിക്കേഷന്റെ ഭാഗമായി സംസ്ഥാനത്തെ 14 പ്രിൻസിപ്പൽ കൃഷി ഓഫീസുകളെയും ബാംഗ്ലൂരുള്ള റീജിയണൽ കൗൺസിൽ ഓഫ് ഓർഗാനിക് ഫാമിംഗിനു കീഴിൽ റീജിയണൽ കൗൺസിലുകളായി രജിസ്റ്റർ ചെയ്യുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

1. ഒരു സംസ്ഥാന ജൈവ കൃഷി സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

2. വിപണിയിൽ ലഭ്യമാകുന്ന ജൈവവളങ്ങളുടെയും മറ്റ് ജൈവ ഉല്പാദനോപാധികളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

   - നല്ല കൃഷി രീതികൾ (Good Agricultural practices) അവലംബിച്ച് ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കാർഷിക വിപണി (Farmer market) ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

   - കേരളത്തിലെ 12 ജില്ലകളിലായി (കാസർഗോഡ്, വയനാട് ഒഴികെ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനും 'പി.ജി.എസ്.' സർട്ടിഫിക്കേഷൻ നൽകുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ജൈവവളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

   - വരും തലമുറയിൽ ജൈവ കൃഷിയുടെ അവബോധം വളർത്തിയെടുക്കുവാൻ ഒരു വിദ്യാർത്ഥിയെത്തന്നെ ജൈവകൃഷിയുടെ അംബാസഡറായി പ്രഖ്യാപിച്ചുകഴിഞ്ഞു.

കാർഷിക ഉത്പന്നങ്ങളിലെ കീടനാശിനിപ്രയോഗം

188 (1660) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുഗന്ധവ്യജ്ഞനങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏലം പോലുള്ള കാർഷിക ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അമിത പ്രയോഗം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കീടനാശിനി പ്രയോഗത്തെ തടയാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly